ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിൽ ഇന്നും നടപടികൾ തടസ്സപ്പെട്ടു. ഇരുസഭകളും 2 മണിവരെ നിർത്തിവെച്ചു. ഐ എസ് ആർ ഒ-നാസ സംയുക്ത ദൗത്യം എൻ ഐ-സാറിന്റെ വിക്ഷേപണ വിജയത്തെ അഭിനന്ദിച്ച് പാർലമെന്റ്.

**Both the Houses of Parliament have been adjourned till 2:00 PM amid sloganeering by the opposition members over various issues. The House congratulated scientists for the successful launch of the NASA-ISRO Synthetic Aperture Radar (NISAR) satellite.**

2) പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ാമത് ഗഡുവിതരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ വാരാണസിയിൽ തുടക്കം കുറിക്കും

**PM Modi to release 20th installment of PM-Kisan scheme from Varanasi on August 2.**

3) മാലെഗാവ് സ്ഫോടനക്കേസിലെ ഏഴ് പ്രതികളെയും NIA പ്രത്യേക കോടതി കുറ്റവിമുക്തരാക്കി.

**A special NIA court in Mumbai today acquitted all accused in the 2008 Malegaon Blasts case.**

4) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിൻറെ സമഗ്ര വികസന പദ്ധതിയുടെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവ്വഹിക്കും.

**Kerala CM Pinarayi Vijayan to launch the Muthalapozhi harbor development work today.**

5) ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്.

**In cricket, fifth and final match of Anderson-Tendulkar Test series between India and England to begin today at the Oval in London.**

6) 16 വയസ്സിന് താഴെയുള്ള കുട്ടികളുടെ യുട്യൂബ് ഉപയോഗത്തിന് വിലക്കേർപ്പെടുത്താനൊരുങ്ങി ഓസ്ട്രേലിയ.

**Australia will ban children under 16 from creating YouTube accounts starting this December, as part of its world-first social media restrictions.**

*****************

**LS - RS - ADJOURN**

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിൽ ഇന്നും നടപടികൾ തടസ്സപ്പെട്ടു. ഇരുസഭകളും 2 മണിവരെ നിർത്തിവെച്ചിരിക്കുകയാണ്. ലോക്സഭയിൽ രാവിലെ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷം നടുത്തളത്തിൽ ഇറങ്ങി മുദ്രാവാക്യം മുഴക്കി. ബിഹാർ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളാണ് പ്രതിപക്ഷം ഉന്നയിച്ചത്. സഭാനടപടികൾ തടസ്സപ്പെടുത്തരുതെന്നും ഇരിപ്പിടങ്ങളിലേക്ക് മടങ്ങണമെന്നും സ്പീക്കർ ആവശ്യപ്പെട്ടെങ്കിലും പ്രതിപക്ഷം വഴങ്ങിയില്ല. പ്രതിഷേധം തുടർന്ന സാഹചര്യത്തിൽ സഭാ നടപടികൾ 2 മണിവരെ നിർത്തിവെക്കുകയായിരുന്നു. രാജ്യസഭയിലും സമാന രീതിയിലുള്ള പ്രതിഷേധമാണ് നടന്നത്. പ്രതിപക്ഷ

ബഹളത്തെ തുടർന്ന് ആദ്യം 12 മണി വരേയും, പിന്നീട് 2 മണി വരേയും സഭാനടപടികൾ നിർത്തിവെക്കുകയായിരുന്നു.

*****************

## Parliament - ISRO - INTRO

ഐ എസ് ആർ ഒ-നാസ സംയുക്ത ദൗത്യമായ എൻഐ-സാറിന്റെ വിക്ഷേപണ വിജയത്തിൽ ഐ എസ് ആർ ഒയെ അഭിനന്ദിച്ച് പാർലമെന്റിന്റെ ഇരുസഭകളും. മനുഷ്യരാശിയുടെ ഉന്നമനത്തിനായി ശാസ്ത്ര സമൂഹം കൈവരിച്ച പുരോഗതിയെ അടയാളപ്പെടുത്തുന്ന ദൗത്യമാണിതെന്ന്
രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവൻഷ് പറഞ്ഞു.

(വോയിസ്)

വിക്ഷേപണ വിജയത്തിൽ, ഐ എസ് ആർ ഒ ശാസ്ത്രജ്ഞരെ അഭിനന്ദിച്ച ലോക്സഭാ സ്പീക്കർ ഓം ബിർള ഭാവി ദൗത്യങ്ങൾക്ക് ആശംസയും നേർന്നു.

*****************

## PRESIDENT

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഝാർഖണ്ഡിൽ,
ദിയോഘർ എയിംസിന്റെ പ്രഥമ ബിരുദദാന
ചടങ്ങിൽ പങ്കെടുക്കും. ധൻബാദ് ഐഐടി യുടെ 45-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി നാളെ മുഖ്യാതിഥിയാകും. പശ്ചിമബംഗാൾ- ഝാർഖണ്ഡ് സന്ദർശനം തുടരുന്ന രാഷ്ട്രപതി ഇന്നലെ പശ്ചിമബംഗാളിലെ കല്യാണി എയിംസിൻറെ ആദ്യ ബിരുദദാന ചടങ്ങിലും പങ്കെടുത്തിരുന്നു.

*****************

## SHIVRAJ- PM KISAN 20TH INSTALLMENT (INTRO)

പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ാമത് ഗഡുവിതരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ വാരാണസിയിൽ തുടക്കം കുറിക്കും. കർഷകർക്ക് പ്രതിവർഷം ആറായിരം രൂപ മൂന്ന് തുല്യ ഗഡുക്കളായാണ് പദ്ധതിയിലൂടെ നൽകി വരുന്നത്. പരിപാടിയുടെ തയ്യാറെടുപ്പുകൾ കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല യോഗം വിലയിരുത്തി. പ്രധാനമന്ത്രിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലൂടെ, രാജ്യത്തെ പരമാവധി കർഷകരിലേക്ക് പിഎം കിസാൻ സമ്മാൻ

നിധിയുടെ നേട്ടങ്ങൾ എത്തിക്കാൻ സാധിച്ചതായി ശ്രീ ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.
(ഹോൾഡ്)

*****************

## Malegaon blast

മാലെഗാവ് സ്ഫോടനക്കേസിലെ ഏഴ് പ്രതികളെയും മുംബൈയിലെ NIA പ്രത്യേക കോടതി കുറ്റവിമുക്തരാക്കി. ബിജെപി മുൻ എംപി സാധ്വി പ്രഗ്യ സിങ്ങ് താക്കൂർ, ലെഫ്റ്റനൻറ് കേണൽ പ്രസാദ് പുരോഹിത് ഉൾപ്പെടെ എല്ലാ പ്രതികളെയും മതിയായ തെളിവുകളില്ലെന്ന് വ്യക്തമാക്കിയാണ് കോടതി വെറുതേ വിട്ടത്. 2008 സെപ്റ്റംബർ 29 നാണ് മാലെഗാവിലെ ബിക്കു ചൗക്കിന് സമീപം സ്ഫോടനമുണ്ടായത്. മോട്ടോർസൈക്കിളിൽ ഘടിപ്പിച്ച ബോംബ് പൊട്ടിത്തെറിച്ച് ആറ് പേർ കൊല്ലപ്പെടുകയും, നൂറിലേറെപ്പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. തുടക്കത്തിൽ മഹാരാഷ്ട്ര ATS അന്വേഷിച്ച കേസ് പിന്നീട് NIA ഏറ്റെടുക്കുക ആയിരുന്നു.

*****************

## KERALA HC – STRAY DOGS

ഗുരുതര രോഗമുള്ള തെരുവ് നായ്ക്കളെ ദയാവധം ചെയ്യാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം ഹൈക്കോടതി സ്റ്റേ ചെയ്തു. സുപ്രീം കോടതി, ഹൈക്കോടതി മുൻ ഉത്തരവുകളുടെയും എബിസി നിയമത്തിന്റെയും അടിസ്ഥാനത്തിൽ ദയാവധം അനുവദിക്കാനാവില്ലെന്ന് ജസ്റ്റിസ് സി എസ് ഡയസ് വ്യക്തമാക്കി. കേരളത്തിൽ തെരുവ് നായ ആക്രണവുമായി ബന്ധപ്പെട്ട റിട്ട് ഹർജികൾ ഇന്നലെ പരിഗണിക്കവെയായിരുന്നു കോടതിയുടെ പരാമർശം. അടുത്തിടെ നടന്ന തെരുവ് നായ ആക്രമണങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന പൊലീസ് മേധാവി, ദുരന്ത നിവാരണ അതോറിട്ടി തുടങ്ങിയവയ്ക്ക് ഹൈക്കോടതി നിർദേശം നൽകി. കേസ് അടുത്ത മാസം 19 ന് വീണ്ടും പരിഗണിക്കും.

*****************

## Trolling ban (INTRO)

സംസ്ഥാനത്ത് 52 ദിവസംനീണ്ട ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ അവസാനഘട്ടത്തിലാണ്. പെയിന്റിങ്ങ് ഉൾപ്പടെ

പൂർത്തിയാക്കിയ ബോട്ടുകളിൽ ഇന്ധനം നിറച്ച്, ഐസും , മത്സ്യബന്ധന ഉപകരണങ്ങളും,
ആഹാരസാധനങ്ങളും കയറ്റിത്തുടങ്ങി. മത്സ്യസംസ്കരണ ശാലകളും പുതിയ സീസണിനായി സജ്ജമായി കഴിഞ്ഞു.
വിശദാംശങ്ങളിലേക്ക്

(വോയ്സ്)

*****************

## Muthalapozhi-CM

തിരുവനന്തപുരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ സമഗ്ര വികസന പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ്ജ് കുര്യൻ വിശിഷ്ടാതിഥിയാകും. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ 177 കോടി രൂപ ചെലവഴിച്ചാണ് തുറമുഖം 'ഗ്രീൻ ആൻഡ് ബ്ലൂ പോർട്ട്' നിലവാരത്തിലേക്ക് ഉയർത്തുന്നത്.

*****************

## George Kurian-Chhattisgarh

ഛത്തീസ് ഗഡിൽ അറസ്റ്റിലായ കന്യാസ്ത്രീകളുടെ പ്രശ്നം പരിഹരിക്കാൻ ബിജെപി ആത്മാർത്ഥമായി ഇടപെടുന്നുണ്ടെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ. ജാമ്യാപേക്ഷയിൽ വീഴ്ചയുള്ളതിനാലാണ് ഹർജി തള്ളിയതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

*****************

## PHILPPINES PREZ INDIA VISIT

ഫിലിപ്പീൻസ് പ്രസിഡൻറ് ഫെർഡിനാൻഡ് ആർ മാർകോസ് അഞ്ച് ദിവസത്തെ സന്ദർശനത്തിനായി തിങ്കളാഴ്ച ഇന്ത്യയിലെത്തും. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി അദ്ദേഹം അടുത്ത മാസം 5-ന് ഉഭയകക്ഷി ചർച്ച നടത്തും. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഫിലിപ്പീൻസ് മന്ത്രിമാരും, ഉന്നത ഉദ്യോഗസ്ഥരും അടങ്ങിയ ഉന്നതതലസംഘം പ്രസിഡൻറിനെ അനുഗമിക്കുന്നുണ്ട്. വിദേശകാര്യമന്ത്രി എസ് ജയശങ്കറുമായും പ്രസിഡൻറ് മാർകോസ് കൂടിക്കാഴ്ച നടത്തും. ഡൽഹിക്കു പുറമേ ബംഗളുരുവും അദ്ദേഹം സന്ദർശിക്കും. ഇന്ത്യയുടെ ആക്ട് ഈസ്റ്റ് നയങ്ങളിലും, മഹാസാഗർ ദർശനത്തിലും സുപ്രധാന സ്ഥാനമാണ് ഫിലിപ്പീൻസിനുള്ളത്.

*****************

## PM-UDHAM SINGH

ശഹീദ് ഉദ്ധം സിങ്ങിന്റെ രക്തസാക്ഷിത്വ ദിനത്തിൽ ആദരാഞ്ജലികൾ അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ശഹീദ് ഉദ്ധം സിംഗ് ഇന്ത്യയുടെ അനശ്വര പുത്രനാണെന്നും, അദ്ദേഹത്തിന്റെ ദേശസ്നേഹവും ധീരതയും രാജ്യത്തെ ജനങ്ങൾക്ക് എല്ലാകാലവും പ്രചോദനമായിരുന്നെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

*****************

## CRICKET TEST

ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. കെന്നിംഗ്ടണ്ണിലെ ഓവൽ സ്റ്റേഡിയത്തിൽ വൈകുന്നേരം 3.30നാണ് മത്സരം ആരംഭിക്കുക. പരമ്പരയിൽ 2-1ന് ഇംഗ്ലണ്ട് മുന്നിലാണ്.

*****************

## AUSTRALIA BAN YOUTUBE

16 വയസ്സിന് താഴെയുള്ള കുട്ടികൾ യുട്യൂബ് അക്കൗണ്ട് ആരംഭിക്കുന്നതിന് വിലക്കേർപ്പെടുത്തി ഓസ്ട്രേലിയ. ഡിസംബർ മുതൽ നിയന്ത്രണം നിലവിൽ വരും. ടിക് ടോക്, സ്നാപ് ചാറ്റ്, ഇൻസ്റ്റഗ്രാം, ഫെയ്സ് ബുക്ക്, എക്സ് തുടങ്ങിയവയ്ക്കും വിലക്ക് നിലവിലുണ്ട്. യുട്യൂബ് ഒരു വീഡിയോ പ്ലാറ്റ്ഫോമാണെങ്കിലും മറ്റ് സമൂഹമാധ്യമങ്ങളെ പോലെ കുട്ടികൾക്ക് ഹാനികരമായ ഉള്ളടക്കം, സൈബർ ബുള്ളിയിംഗ്, മാനസികാരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവയ്ക്ക് ഇത് കാരണം ആകുന്നതായി അറിയിച്ചാണ് നിരോധനം.

*****************

## Stock + Gold

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 23 പോയിന്റ് താഴ്ന്ന് 81,458 ലും, നിഫ്റ്റി 9 പോയിന്റ് നഷ്ടത്തിൽ 24,845 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് 73,360 രൂപയും ഗ്രാമിന് 9,170 രൂപയുമാണ് ഇന്നത്തെ വില.

*****************

## PADMA AWARDS

പത്മ പുരസ്കാരങ്ങൾക്കായി നാമനിർദ്ദേശം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി അടുത്ത മാസം 15 വരെ നീട്ടി. രാഷ്ട്രീയ പുരസ്കാർ പോർട്ടൽ വഴി ഓൺലൈനായാണ് നാമനിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത്.

*****************

## Battle of Kulachal-284th Anniversary

കുളച്ചൽ യുദ്ധവിജയത്തിന്റെ 284-ാമത് വാർഷികം ആഘോഷിച്ച് ഇന്ത്യൻ സൈന്യം. മദ്രാസ് റെജിമെൻ്റിൻറെ നേതൃത്വത്തിൽ കന്യാകുമാരി ജില്ലയിലെ കുളച്ചൽ യുദ്ധ സ്മാരകത്തിലായിരുന്നു ആഘോഷം സംഘടിപ്പിച്ചത്.

തിരുവനന്തപുരം പാങ്ങോട് സൈനിക കേന്ദ്രത്തിലെ മദ്രാസ് റെജിമെൻറ് കമാൻഡിങ് ഓഫീസർ കേണൽ അവിനാഷ് കുമാർ സിങ് യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു.

*****************

**********

****